പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 614** — 29-5-2019 ൽ മറുപടിക്ക്

## കാസർകോട് ഭെൽ-ഇ.എം.എൽ. കമ്പനി ഏറ്റെടുക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർകോട് ഭെൽ-ഇ.എം.എൽ. കമ്പനിയിൽ എത്ര ജീവനക്കാരുണ്ടെന്നും ഇവർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) യും | ഭെൽ-ഇ.എം.എൽ എന്ന കമ്പനിയിൽ നിലവിൽ 156 ജീവനക്കാരാണുള്ളത്. എക്സിക്യൂട്ടീവ്/ സൂപ്പർവൈസർ കാറ്റഗറിയിലുള്ള ജീവനക്കാർക്ക് ഡിസംബർ 2018 മുതലും, വർക്കേഴ്സ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് ജനുവരി 2019 മുതലും ശമ്പളം നൽകിയിട്ടില്ല.<br><br>എന്നാൽ ഇടക്കാലാശ്വാസമായി പലതവണകളായി എക്സിക്യൂട്ടീവ് കാറ്റഗറിയിലുള്ള ഓരോ ജീവനക്കാർക്കും മൊത്തം 45,000 രൂപ വീതവും, വർക്കേഴ്സ് കാറ്റഗറിയിലുള്ള ഓരോ ജീവനക്കാർക്കും മൊത്തം 44,000 രൂപവീതവും ഇതിനോടകം നൽകിയിട്ടുണ്ട്. കമ്പനി തുടർച്ചയായി നഷ്ടത്തിലായതിനാലാണ് ശമ്പളം നൽകുവാൻ സാധിക്കാത്തത്. |
| (ബി) | എങ്കിൽ എത്ര മാസത്തെ ശമ്പളമാണ് കിട്ടാനുള്ളതെന്നും ശമ്പളകുടിശ്ശികയ്ക്ക് കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (ബി) യും | |
| സി) | ഭെൽ-ഇ.എം.എൽ. കമ്പനി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും എങ്കിൽ എപ്പോഴാണ് തീരുമാനിച്ചതെന്നും പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ കഴിയാത്തതെന്തു കൊണ്ടാണെന്നും വ്യക്തമാക്കാമോ; തീരുമാനമെടുത്തതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | സി) | ഉണ്ട്; ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12/06/2017 ന ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഭെല്ലിന്റെ ഓഹരികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളുടെ ഭാഗമായി MOU ഒപ്പിടാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത ഓഹരി ഏറ്റെടുക്കുന്നതിന് മുമ്പുള്ള ബാധ്യതകൾ സംബന്ധിച്ച് ഉള്ള വിഷയങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ്(കെൽ)- നെ എപ്പോഴാണ് ഭെൽ ഏറ്റെടുത്തതെന്നും അതിനുശേഷം എത്ര തവണ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ലഭിച്ചു എന്നും വ്യക്തമാക്കാമോ; | ഡി) | കെല്ലിനെ 2011-ൽ, ഭെൽ കമ്പനി ഏറ്റെടുത്തതിനുശേഷം ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടത്തിയിട്ടില്ല. |
| ഇ) | ഭെൽ-ഇ.എം.എൽ- ന്റെ മൂലധനം എത്രയാണെന്നും ഇതിൽ സംസ്ഥാന സർക്കാർ ഓഹരി എത്രയാണെന്നും വ്യക്തമാക്കാമോ; | ഇ) | ഭെൽ-ഇ.എം.എൽ എന്ന കമ്പനിയുടെ മൂലധനം 10.50 കോടിരൂപയാണ്. ഇതിൽ 49% സംസ്ഥാന സർക്കാരിന്റെ ഓഹരിവിഹിതമാണ്. |
| എഫ്) | ഭെൽ-ഇ.എം.എൽ.-ലെ ഉൽപ്പന്നങ്ങൾ എന്തൊക്കെയാണെന്നും കമ്പനി ഇപ്പോഴത്തെ ശോചനീയാവസ്ഥയിലെത്താൻ കാരണമെന്താണെന്നും ഇതിൽ നിന്ന് കരകയറാൻ കാണുന്ന മാർഗ്ഗങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ? | എഫ്) | ഇൻഡ്യൻ റയിൽവേയ്ക്കാവശ്യമായ വിവിധ ആൾട്ടർനേറ്റേഴ്സും, മറ്റ് ജനറൽ ആവശ്യങ്ങൾക്കുള്ള ആൾട്ടർനേറ്റേഴ്സുമാണ് ഈ കമ്പനിയുടെ ഉൽപ്പന്നങ്ങൾ. തുടർച്ചയായ നഷ്ടം മൂലം പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണം കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിലൂടെ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ